# KCBC Madyavirudha Samithi
## State Office, POC, Palarivattom, Kochi 682 025

All Kerala Press Release 7.4.2016

## മദ്യവർജനമല്ല; നിരോധനം ലക്ഷ്യമാക്കിയുള്ള നിയന്ത്രണം വേണം: കെസിബിസി മദ്യവിരുദ്ധ സമിതി

കൊച്ചി: മദ്യവർജനമല്ല, മദ്യനിരോധനം ലക്ഷ്യമാക്കിയുള്ള നിയന്ത്രണം നയമായി പ്രഖ്യാപിക്കണമെന്ന് കെസിബിസി മദ്യവിരുദ്ധ സമിതി സംസ്ഥാനസെക്രട്ടറിയേറ്റ് യോഗം രാഷ്ട്രീയ മുന്നണികളോടാവശ്യപ്പെട്ടു. മദ്യവർജനത്തെ നയമായി കാണാനാവില്ല. മദ്യവർജനം പറയുന്നവർ അതു നടപ്പാക്കുന്നതു സംബന്ധിച്ച് വ്യക്തമായ നിലപാടോ മാർഗനിർദേശമോ പറയുന്നുമില്ല. മദ്യവർജനം വ്യക്തികളോട് ആവശ്യപ്പെടേണ്ട കാര്യമാണ്. മദ്യം ഫലപ്രദമായി നിയന്ത്രിക്കുകയും നിരോധിക്കുകയും ചെയ്യുവാൻ സർക്കാരിനാണ് അധികാരം. അക്കാര്യത്തിൽ എന്തുചെയ്യുമെന്ന് പറയുന്നതാണ് മദ്യനയം. അക്കാര്യമാണ് രാഷ്ട്രീയ മുന്നണികൾ വ്യക്തമാക്കേണ്ടത്. നിയന്ത്രണവും നിരോധനവുമല്ല, വർജനം മാത്രമാണ് നയമെന്ന് പറയുന്നവർ ജനങ്ങളുടെ കണ്ണിൽ പൊടിയിടുകയാണ്. മദ്യനയം സംബന്ധിച്ച് മുന്നണികളുടെയും സ്ഥാനാർത്ഥികളുടെയും നിലപാടു നോക്കിയാണ് ജനം വോട്ടു ചെയ്യുക. മദ്യനയം തെരഞ്ഞെടുപ്പിൽ തീർച്ചയായും പ്രതിഫലിക്കും. സംസ്ഥാനത്തെ ബാറുകൾ അടച്ചുപൂട്ടിയതിലൂടെ മദ്യോപയോഗത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. മദ്യനിരോധനനയം കേരളത്തിൽ ഫലപ്രദമാണ്. അടച്ചുപൂട്ടിയ ബാറുകൾ ഇനി ഒരിക്കലും തുറക്കാൻ പൊതുസമൂഹം അനുവദിക്കില്ല. കേരളത്തിൽ മദ്യലഭ്യത കുറയണം. ഉപയോഗം കുറയണം. അതുമൂലമുള്ള ദുരന്തങ്ങളും സാമൂഹ്യതിന്മകളും ഇല്ലാതാകണം. ഈ ലക്ഷ്യം നിറവേറ്റാൻ സഹായിക്കുന്ന ഏതു നയത്തെയും കെസിബിസി മദ്യവിരുദ്ധസമിതി പിന്തുണയ്ക്കുമെന്നും യോഗം വ്യക്തമാക്കി.

പാലാരിവട്ടം പിഒസിയിൽ ചേർന്ന യോഗത്തിൽ സംസ്ഥാന ജനറൽ സെക്രട്ടറി ഫാ. റ്റി. ജെ. ആന്റണി അധ്യക്ഷനായിരുന്നു. സംസ്ഥാന ഭാരവാഹികളായ അഡ്വ. ചാർളി പോൾ, പ്രസാദ് കുരുവിള, ആന്റണി ജേക്കബ്, എഫ്.എം. ലാസർ, യോഹന്നാൻ ആന്റണി, സണ്ണി പായിക്കാട്ട്, കെ.ജെ. പൗലോസ്, ജയിംസ് മുട്ടിക്കൽ, എം.ഡി. റാഫേൽ, ജോയിക്കുട്ടി ലൂക്കോസ്, സേവ്യർ പള്ളിപ്പാടൻ, വി.ഡി. രാജു, തോമസ്കുട്ടി മണക്കുന്നേൽ, സ്റ്റെല്ല ജോസി, ഫാ. പോൾ കാരാച്ചിറ, സിസ്റ്റർ ആനീസ് തോട്ടപ്പിള്ളി എന്നിവർ പ്രസംഗിച്ചു.

**ഫാ. റ്റി.ജെ. ആന്റണി**
സംസ്ഥാന ജനറൽ സെക്രട്ടറി
9747976600

**അഡ്വ ചാർളി പോൾ**
സംസ്ഥാനപ്രോഗ്രാം സെക്രട്ടറി
9847034600